6701/എഫ്/2013/കെ.എസ്സ്.എച്ച്.ഒ 22..06..2015

# സർക്കുലർ

വിഷയം:- കുടുംബശ്രീ – ദേശീയ ഉപജീവന മിഷൻ-തെരുവു കച്ചവടക്കാർക്കുള്ള സഹായപദ്ധതി-തെരുവു വിപണികളുടെ അടിസ്ഥാന സൗകര്യമൊരുക്കുന്നതിനുള്ള ഉപഘടകത്തിന്റെ നിർവ്വഹണം - സംബന്ധിച്ച്.

തെരുവുകച്ചവടക്കാർ നഗരത്തിന്റെ അനൗപചാരിക സമ്പദ്‌വ്യവസ്ഥയുടെ ഏറ്റവും അടിത്തട്ടിലെ ഒരു പ്രധാന വിഭാഗമാണ്. തെരുവു വ്യാപാരം ഒരു സ്വയംതൊഴിൽ മാർഗമെന്നതിലുപരി നഗരത്തിന്റെ ദാരിദ്ര്യലഘൂകരണത്തിനുള്ള ഒരു ഉപാധികൂടിയാണ്. വിദ്യാഭ്യാസത്തിന്റെയും നൈപുണ്യത്തിന്റെയും കുറവും ഔദ്യോഗിക വായ്പാ സ്ഥാപനങ്ങളിലുള്ള അപ്രാപ്യതയും കാരണം വളർന്നുവരുന്ന വിപണി സാധ്യതകളെ ഉപയോഗപ്പെടുത്താൻ കഴിയാതെ കഷ്ടതയനുഭവിക്കുന്ന ഈ ദരിദ്രവിഭാഗത്തിന്റെ ജീവിതനിലവാരം ബഹുമുഖ സമീപനത്തിലൂടെ മെച്ചപ്പെടുത്താൻ ദേശീയ നഗര ഉപജീവന മിഷൻ ലക്ഷ്യമിടുന്നു.

നഗരത്തിലെ തെരുവു കച്ചവടക്കാരുടെ അവസ്ഥ മെച്ചപ്പെടുത്തുന്നതിനായി താഴെപറയുന്ന വിധത്തിലുള്ള ബഹുമുഖ സമീപനമാണ് മിഷൻ വിഭാവനം ചെയ്യുന്നത്.

(1). തെരുവു - കച്ചവടക്കാരെ സംബന്ധിച്ചുള്ള സർവ്വേയും തിരിച്ചറിയിൽ കാർഡുകളുടെ വിതരണം
(2). തെരുവ് വ്യാപാര മേഖലയുടെ രൂപരേഖ വികസിപ്പിക്കൽ
(3). തെരുവ് കച്ചവട സ്ഥലങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം
(4). പരിശീലനവും നൈപുണ്യ വികസനവും
(5). സാമ്പത്തികമായ ഉൾചേർക്കൽ (ഫിനാൻഷ്യൽ ഇൻക്ലൂഷൻ)
(6). ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭ്യമാക്കൽ
(7). സാമൂഹ്യസുരക്ഷാ പദ്ധതികളുമായി കണ്ണി ചേർക്കൽ

തെരുവു കച്ചവടക്കാരുടെ അവസ്ഥ മെച്ചപ്പെടുത്തുന്നതിനാവശ്യമായ അടിസ്ഥാന സർവേ നടത്തുന്നതിനായുള്ള വിശദ വിവരം പിന്നാലെ അറിയിക്കുന്നതാണ്.

നഗരത്തിന്റെ സ്വാഭാവിക പ്രവർത്തനങ്ങൾക്ക് തടസം ഉണ്ടാവാത്ത രീതിയിൽ തെരുവ് കച്ചവടക്കാർക്ക് അനുവദിക്കുന്ന സ്ഥലങ്ങളിൽ മെച്ചപ്പെട്ട സൗകര്യങ്ങളോടുകൂടി കച്ചവടം നടത്തുവാൻ കഴിയുന്ന തെരുവു വ്യാപാരമേഖലകൾ വികസിപ്പിക്കുന്ന പരിപാടിയും പദ്ധതിയുടെ ഉപഘടകങ്ങളിൽപ്പെടുന്നു. ഈ ഉപഘടകത്തിനു കീഴിൽ നിലവിലുള്ള തെരുവ് വ്യാപാര മേഖലകളുടെ അടിസ്ഥാന സൗകര്യവികസനത്തിന് നഗരസഭകൾക്ക് ധനസഹായം ലഭ്യമാക്കുന്നതാണ്. ഇത്തരം

ഇടങ്ങളിൽ നഗരസഭകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് താഴെപ്പറയുന്ന പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതാണ്.

1. ജലവിതരണ സംവിധാനങ്ങൾ
2. ശൗചാലയങ്ങൾ
3. മാലിന്യസംസ്കരണം/ശുചീകരണസംവിധാനങ്ങൾ
4. വെളിച്ച ക്രമീകരണം
5. തറയിൽ കല്ലുപാകൽ
6. പൊതു സൂക്ഷിപ്പു കേന്ദ്രങ്ങളുടെ നിർമ്മാണം
7. പ്രത്യേകതരം ഉന്തുവണ്ടികൾ
8. താല്ക്കാലിക ഷെഡുകൾ
9. പാർക്കിങ് സൗകര്യങ്ങൾ

നിലവിലുള്ള ചന്തകളിലോ തൊട്ടടുത്ത സൗകര്യപ്രദമായ സ്ഥലങ്ങളിലോ അടിസ്ഥാന സൗകര്യവികസനത്തിന് ആവശ്യം അനുഭവപ്പെടുന്നുണ്ടെങ്കിൽ അതിനുള്ള സംക്ഷിപ്തമായ ഒരു പദ്ധതിനിർദ്ദേശം സംസ്ഥാന നഗര ഉപജീവന മിഷനിൽ സമർപ്പിക്കാവുന്നതാണ്. അടിസ്ഥാന സൗകര്യ വികസനം നടത്താൻ ഉദ്ദേശിക്കുന്ന സ്ഥലം നഗരത്തിന്റെ നഗരവികസന രൂപരേഖ പ്രകാരം അതിന് അനുവദനീയമായിരിക്കണം. സംക്ഷിപ്തമായ പദ്ധതിനിർദ്ദേശം ഉടൻ സമർപ്പിക്കുന്ന നഗരസഭകൾക്ക് വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങളും സാങ്കേതിക സഹായവും ലഭ്യമാക്കുന്നതാണ്.

**എക്സിക്യൂട്ടീവ് ഡയറക്ടർക്കു വേണ്ടി**
**കുടുംബശ്രീ**

സ്വീകർത്താവ്
എല്ലാ നഗരസഭാ ചെയർമാൻമാർക്കും/മേയർമാർക്കും
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും/കോർപ്പറേഷൻ സെക്രട്ടറിമാർക്കും

പകർപ്പ്
എല്ലാ ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർക്കും
എല്ലാ ജില്ലാ മാനേജർമാർക്കും (എൻയുഎൽഎം) (മിഷൻ കോ-ഓർഡിനേറ്റർ മുഖാന്തിരം)